©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി II
## (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും
## (LAND REVENUE AND DEVASWOM)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
## നാലാമത് റിപ്പോർട്ട്
## (2024 -2025)

## FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS
## (2024 -2025)

**2024 ജൂൺ 10-ാം തീയതി സമർപ്പിച്ചത്**
**(Presented on 10th June, 2024)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്റ്റ് കമ്മിറ്റി II
## (SUBJECT COMMITTEE II)

# ഭൂനികുതിയും ദേവസ്വവും
# (LAND REVENUE AND DEVASWOM)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
നാലാമത് റിപ്പോർട്ട്
(2024 -2025)

FOURTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2024-2025)

397/2024.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

സബ്ജക്ട് കമ്മിറ്റി II
**(ഭൂനികുതിയും ദേവസ്വവും)**
(2023 -2026)

**ഘടന**

<u>ചെയർമാൻ:</u>

ശ്രീ. കെ. രാജൻ,

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ശ്രീ. കെ. രാധാകൃഷ്ണൻ,

പട്ടികജാതി - പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി

<u>അംഗങ്ങൾ:</u>

ശ്രീ. അഹമ്മദ് ദേവർകോവിൽ

ഡോ. എൻ. ജയരാജ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എം. രാജഗോപാലൻ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. പി. വി. ശ്രീനിജിൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി .

# അവതാരിക

2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2024 ഫെബ്രുവരി 21, 27 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ VI | - | ഭൂനികുതി |
| ധനാഭ്യർത്ഥന നമ്പർ XI | - | ജില്ലാ ഭരണവും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XXVIII | - | പലവക സാമ്പത്തിക സർവ്വീസുകൾ |

മേൽ പ്രസ്താവിച്ച ധനാഭ്യർത്ഥനകൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2024 മാർച്ച് 6-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2024 ജൂൺ 10.

കെ . രാജൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II*

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ VI—ഭൂനികുതി

| | | |
|---|---|---|
| വോട്ടു ചെയ്തത് | : | 820.5316 കോടി രൂപ |
| ചാർജ് ചെയ്തത് | : | 1.45 ലക്ഷം രൂപ |

2029-00-101-99—വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ്

ബഡ്ജറ്റ് വിഹിതം : 487.2313 കോടി രൂപ (നോൺ പ്ലാൻ)

1. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ കെട്ടിടനികുതി ഇനത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടിശ്ശികയായി നിൽക്കുന്ന തുക മുഴുവൻ അടച്ചു തീർക്കുന്നതിനായി 2029-00-101-99-06 എന്ന ശീർഷകത്തിൽ 1.5 കോടി രൂപയും വില്ലേജ് ഓഫീസുകളുടെ വെള്ളക്കരം ഇനത്തിൽ 2029-00-101-99-05(1) എന്ന ശീർഷകത്തിൽ 80 ലക്ഷം രൂപയും അധികമായി ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു.

2. വില്ലേജ് ഓഫീസുകളിലെ ഉദ്യോഗസ്ഥർ ജോലിഭാരം കൂടുതൽ ഉള്ളവരും ഔദ്യോഗികമായ വിവിധ അടിയന്തര ആവശ്യങ്ങൾക്ക് സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകുവാൻ ബാധ്യസ്ഥരുമാണ്. കേരളത്തിലെ വില്ലേജ് ഓഫീസുകൾ വലിയ തോതിൽ വാഹനക്ഷാമം നേരിടുന്നതിനാൽ അടിസ്ഥാന ആവശ്യങ്ങൾക്കും ജനങ്ങളുടെ പരാതികൾക്കും സമയ ബന്ധിതമായി തീർപ്പ് കൽപ്പിക്കാൻ കഴിയാതെ, വകുപ്പിന്റെ പ്രവർത്തനത്തിൽ കടുത്ത ആക്ഷേപം നേരിടുന്നതായി സമിതി മനസ്സിലാക്കിയതിനാൽ 3 വില്ലേജ് ഓഫീസുകൾക്ക് ഒരു വാഹനം എന്ന നിലയിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് 2022-23 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലും 2023 - 24 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലും തുടർച്ചയായി ശിപാർശ നൽകിയിരുന്നു വെങ്കിലും പ്രസ്തുത ആവശ്യം ഇതുവരെ അംഗീകരിക്കാത്ത നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും പ്രസ്തുത ആവശ്യം മുൻനിർത്തി സ്ഥലപരിശോധന ഉൾപ്പെടെയുള്ള ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി 3 വില്ലേജ് ഓഫീസുകൾക്ക് ഒന്ന് എന്ന നിലയിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിലേക്കായി 2029-00-101-99-97 എന്ന ശീർഷകത്തിൽ 18.5 കോടി രൂപ അധികമായി ആവശ്യമുള്ളതായി വിലയിരുത്തുകയും ചെയ്യുന്നു.

3. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ ആകെ 20.8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2029-00-103-95—ഭൂരേഖാ സേവനലഭ്യതയും ഉദ്ഗ്രഥനവും

ബഡ്ജറ്റ് വിഹിതം : 7.50 കോടി രൂപ (പ്ലാൻ)

4. 17 വില്ലേജുകളിലെ ആധുനിക സർവ്വേ പ്രവർത്തനങ്ങളുടെ പൂർത്തീകരണം, ഐ.ടി. ഇൻഫ്രാസ്ട്രക്ചർ നവീകരണം, സി.എസ്.ഒ.-യിലെ രേഖകളുടെ ഭൗതിക സംരക്ഷണം, 'എന്റെ ഭൂമി' പോർട്ടലിൽ ആർക്കൈവ്സ് റെക്കോഡുകൾ, ILMS, ബ്ലോക്ക് ചെയിൻ തുടങ്ങിയവ നടപ്പിലാക്കൽ എന്നിവക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2029-00-103-95 ശീർഷകത്തിൽ 4.42 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2029-00-800-74—കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമ പ്രകാരമുള്ള ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 16.051 കോടി രൂപ (നോൺ പ്ലാൻ)

5. അനധികൃതമായി നികത്തിയ നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കേണ്ടിവരുന്ന കേസുകളിൽ ഉത്തരവ് നടപ്പിലാക്കാൻ റിവോൾവിംഗ് ഫണ്ടായി 2029-00-800-74-34-03-മറ്റു ചെലവുകൾ എന്ന ശീർഷകത്തിൽ 6 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ, ബഹു. ധനകാര്യ വകുപ്പ് മന്ത്രി ബഡ്ജറ്റിന്റെ മറുപടിപ്രസംഗത്തിൽ, ഈ ആവശ്യത്തിലേയ്ക്കായി 2 കോടി രൂപ അനുവദിക്കുന്നതായി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ മേൽ ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും**

| | | |
|---|---|---|
| വോട്ടു ചെയ്തത് | : | 909.9603 കോടി രൂപ |
| ചാർജ് ചെയ്തത് | : | 1.5880 കോടി രൂപ |

2053-00-093-99—കളക്ടർമാരും മജിസ്ട്രേറ്റുമാരും

ബഡ്ജറ്റ് വിഹിതം : 210.9030 കോടി രൂപ (നോൺ പ്ലാൻ)

6. കളക്ടറേറ്റിലെയും റവന്യൂ ഡിവിഷണൽ ഓഫീസുകളിലെയും IAS ഉദ്യോഗസ്ഥരുടെ കെട്ടിട വാടക നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കെട്ടിട നികുതി നൽകുന്നതിനും 2053-00-093-99-06 എന്ന ശീർഷകത്തിൽ 1.5 കോടി രൂപയും 2023 - ൽ

'കരുതലും കൈത്താങ്ങും' എന്ന പേരിൽ നടന്ന പരാതിപരിഹാര അദാലത്തിന് ജില്ലാ കളക്ടർമാർക്ക് അനുവദിക്കേണ്ട 1.30 കോടി രൂപയും ശബരിമലയിലെ അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനായി കോട്ടയം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലാ കളക്ടർമാർക്ക് അനുവദിക്കേണ്ട 42 ലക്ഷം രൂപയും ഉൾപ്പടെ 2053-00-093-99-34-3 ശീർഷകത്തിൽ 1.72 കോടി രൂപയും അധികമായി ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2053-00-093-99 ശീർഷകത്തിൽ ആകെ 3.22 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-094-99 — താലൂക്ക് ഓഫീസുകൾ

ബഡ്ജറ്റ് വിഹിതം : 301.0684 കോടി രൂപ (നോൺ പ്ലാൻ)

7. ദുരന്തനിവാരണ പ്രവർത്തനങ്ങൾ, റവന്യൂ റിക്കവറി, ഇതര നികുതിപിരിവുകൾ എന്നീ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 2023-24 സാമ്പത്തിക വർഷത്തെ കുടിശ്ശിക തുക അനുവദിക്കാനുള്ളതിനാൽ 2053-00-094-99-21(2) എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും വാഹനങ്ങളുടെ ഇന്ധനച്ചെലവിനായി അധികതുക ആവശ്യമായതിനാലും 2023-24 സാമ്പത്തിക വർഷത്തെ കുടിശ്ശിക തുക അനുവദിക്കാനുള്ളതിനാലും 2053-00-094-99-45 ശീർഷകത്തിൽ 50 ലക്ഷം രൂപയും അധികമായി ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ ആകെ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-094-45 — പൊതുസമ്പത്ത് സംരക്ഷണം- കേരള ലാൻഡ് ബാങ്ക് പ്രോജക്ട്

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

8. കേരളത്തിലെ ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി നൽകുക, ഭൂമി കൈവശം ഉള്ളവർക്ക് ഭൂമിക്ക് രേഖ നൽകുക എന്നീ പ്രവൃത്തികൾക്കായുള്ള 'പട്ടയമിഷൻ' പദ്ധതിയുടെ ആവശ്യങ്ങൾക്കായി 3 കോടി രൂപയും സർക്കാർ ഭൂമിയുടെ സംരക്ഷണത്തിനായി 2 കോടി രൂപയും ഉൾപ്പെടെ 2053-00-094-45 ശീർഷകത്തിൽ 5 കോടി രൂപ ഈ ആവശ്യത്തിലേയ്ക്കായി വകയിരുത്തുമെന്ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രി ബഡ്ജറ്റിന്റെ മറുപടിപ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-094-37 — സാമൂഹിക സന്നദ്ധസേനാ ഡയറക്ടറേറ്റ്

ബഡ്ജറ്റ് വിഹിതം : 37.38 ലക്ഷം രൂപ (നോൺ പ്ലാൻ)

9. സാമൂഹിക സന്നദ്ധസേന, യൂത്ത് ലീഡർഷിപ്പ് അക്കാദമി എന്നിവയുടെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച കോൺഫറൻസ് ഹാൾ നവീകരണം നടത്തി പ്രവർത്തനസജ്ജമാക്കുന്നതിനും ഓഫീസ് സാമഗ്രികൾ വാങ്ങുന്നതിനും കൂടാതെ, സാമൂഹിക സന്നദ്ധസേനയുടെ പരിപാടികൾ വികേന്ദ്രീകൃതമായി നടപ്പിലാക്കുന്നതിനും വോളണ്ടിയർമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ജില്ലാതലത്തിൽ ഫീൽഡ് സന്ദർശനം, സർവ്വേ, സന്നദ്ധപ്രവർത്തകരുടെ ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയവയ്ക്കായും വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2053-00-094-37 ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-094-35— കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി (കൈല)

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

10. കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി നോൺ പ്ലാൻ വിഹിതം ഇല്ലാത്തതിനാൽ ശമ്പളം തുടങ്ങിയ ഭരണപരമായ ചെലവുകളും പ്ലാൻ വിഹിതത്തിൽ നിന്നുമാണ് വഹിക്കുന്നതെന്നും നിലവിൽ നിരവധി പദ്ധതികൾ കൈലയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നുണ്ടെന്നും മനസ്സിലാക്കിയ സമിതി കൈലയുടെ വളർച്ചയ്ക്കായും പദ്ധതി നിർവ്വഹണത്തിനായും 2053-00-094-35 ശീർഷകത്തിൽ പ്ലാൻ വിഹിതത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2250-00-102-99—1951 -ലെ മദ്രാസ് എച്ച്.ആർ. & സി.ഇ. നിയമം നടപ്പാക്കൽ

ബഡ്ജറ്റ് വിഹിതം : 3.9187 കോടി രൂപ (നോൺ പ്ലാൻ)

11. ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിലെ ആസ്ഥാന ഓഫീസ്, ആറ് ഡിവിഷണൽ ഓഫീസുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് സ്ഥലംമാറ്റ ബത്ത അനുവദിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുകയായ 30,000 രൂപയും ജീവനക്കാർക്ക് അവധിയാത്രാനുകൂല്യം അനുവദിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുകയായ 50,000 രൂപയും അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 2250-00-102-99-04.2 ശീർഷകത്തിൽ 1.7 ലക്ഷം രൂപയും 2250-00-102-99-04.4 ശീർഷകത്തിൽ 2.5 ലക്ഷം രൂപയും ഉൾപ്പടെ ആകെ 4.2 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2250-00-103-99—ദേവസ്വം ഫണ്ടിലേക്കും ശ്രീപണ്ടാരംവക ഫണ്ടിലേക്കും ഉള്ള സഹായം

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (നോൺ പ്ലാൻ)

12. 2003-ലെ സ.ഉ.(കൈ)നം.378/2003/റവ. ഉത്തരവ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനും ആന്വൽ കോൺട്രിബ്യൂഷൻ ഇനത്തിൽ നൽകി വരുന്ന 1 കോടി രൂപ 15 വർഷങ്ങൾക്ക് മുമ്പുള്ള നിരക്കായതിനാൽ പ്രസ്തുത തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ആവശ്യത്തിനായി ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2250-00-103-99 ശീർഷകത്തിൽ 49.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-98— കൊച്ചി ദേവസ്വം ബോർഡിനുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (നോൺ പ്ലാൻ)

13. കൊച്ചി ദേവസ്വം ബോർഡിനു കീഴിൽ ഉൾപ്പെട്ട 408 ക്ഷേത്രങ്ങളുടെ സംരക്ഷണത്തിനും ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും മാലിന്യനിർമ്മാർജ്ജനത്തിനും ആവശ്യമായ തുക ദേവസ്വം ബോർഡിന്റെ തനതുഫണ്ടിൽ നിന്നും കണ്ടെത്താൻ സാധിക്കുകയില്ലെന്ന് മനസ്സിലാക്കിയ സമിതി ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2250-00-103-98 ശീർഷകത്തിൽ 20.4814 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2250-00-103-91—മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേയ്ക്ക് സർക്കാർ നൽകുന്ന സംഭാവന

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ (നോൺ പ്ലാൻ)

14. മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും, എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലായെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ക്ഷേമനിധിയിലേക്കുള്ള സർക്കാർ സഹായമായി 2250-00-103-91 ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.99 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-89— വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 90 ലക്ഷം രൂപ (നോൺ പ്ലാൻ)

15. വഖഫ് ബോർഡിന്റെ വർദ്ധിച്ചുവരുന്ന ഭരണപരമായ ചെലവുകൾ നിർവ്വഹിക്കുന്നതിനായി 2250-00-103-89 ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-87— മലബാർ ദേവസ്വം ബോർഡ്

ബഡ്ജറ്റ് വിഹിതം : (31) സഹായധനം-ശമ്പളം - 25.3852 കോടി രൂപ (നോൺ പ്ലാൻ)

(36) സഹായധനം- ശമ്പളേതരം-11.383 കോടി രൂപ (നോൺ പ്ലാൻ)

ആകെ – 36.7682 കോടി രൂപ (നോൺ പ്ലാൻ)

16. മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനും ശമ്പളപരിഷ്കരണ കുടിശ്ശിക നൽകുന്നതിനും ബോർഡിന്റെ ജീർണ്ണോദ്ധാരണ ധനസഹായം ഉൾപ്പെടെയുള്ള മറ്റെല്ലാ ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2250-00-103-87-31 എന്ന ശീർഷകത്തിൽ 30 കോടി രൂപയും 2250-00-103-87-36 എന്ന ശീർഷകത്തിൽ 6 കോടി രൂപയും ഉൾപ്പെടെ ആകെ 36 കോടി രൂപ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-86—ഉത്തര മലബാറിലെ കാവുകളിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കുമുള്ള പ്രതിമാസ അലവൻസ്

ബഡ്ജറ്റ് വിഹിതം : 5.3 കോടി രൂപ (നോൺ പ്ലാൻ)

17. ഉത്തര മലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കുമുള്ള പ്രതിമാസ ധനസഹായം 1,600/-രൂപ ആയി വർധിപ്പിക്കുന്നതായി ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ നിലവിലുള്ള 1,544 ആചാരസ്ഥാനികർക്കും 368 കോലധാരികൾക്കും പുറമെ പുതുതായി ചേർക്കപ്പെടുന്ന ഗുണഭോക്താക്കൾ ഉൾപ്പെടെ ഏകദേശം 3000 പേർക്ക് മേൽ നിരക്കിൽ പ്രതിമാസ അലവൻസ് നൽകുന്നതിനും 2023-24 സാമ്പത്തിക വർഷത്തെ കുടിശ്ശിക അനുവദിക്കുന്നതിനും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2250-00-103-86 ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3.6722 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-85—മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ

ബഡ്ജറ്റ് വിഹിതം: (36) -സഹായധനം-ശമ്പളേതരം-5.5 ലക്ഷം രൂപ (നോൺ പ്ലാൻ)

18. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ  കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ പ്രവർത്തിച്ചു വരുന്ന ക്ഷേത്രകലാ അക്കാദമി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും അധ്യാപകരുടെ ശമ്പളം, കലാകാരൻമാർക്ക് ആദരം, അവാർഡ് ദാനം, ക്ഷേത്രകലാ പുരസ്കാരങ്ങൾ, അവശരായ ക്ഷേത്രകലാകാരൻമാർക്ക് സഹായം, ലൈബ്രറി വിപുലീകരണം, മ്യൂസിയം വിപുലീകരണം എന്നിവയ്ക്കും അക്കാദമിയുടെ വിവിധ പ്രവർത്തനങ്ങൾക്കും നടത്തിപ്പിനും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2250-00-103-85 ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 44.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-80—ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (നോൺ പ്ലാൻ)

19. ക്ഷേത്രങ്ങളോട് ചേർന്നുള്ള  കാവുകളുടെയും കുളങ്ങളുടെയും  ആൽത്തറകളുടെയും സംരക്ഷണത്തിനായി മലബാർ ദേവസ്വം ബോർഡിന് 9 കോടി രൂപ നൽകാനുണ്ടെന്നും തിരുവിതാംകൂർ, കൂടൽമാണിക്യം ദേവസ്വങ്ങളിൽ നിന്ന് 11 കോടി രൂപയുടെ പുതിയ പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യങ്ങൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2250-00-103-80 ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 19 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-77—കോവിഡ് 19-മായി ബന്ധപ്പെട്ട് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ സാഹചര്യത്തിൽ കൂടൽമാണിക്യം ദേവസ്വത്തിനുള്ള പ്രത്യേക സഹായം (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം : ഇല്ല

20. കോവിഡ്, പ്രളയം എന്നിവയ്ക്ക് ശേഷം കൂടൽമാണിക്യം ദേവസ്വത്തിനുണ്ടായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനുമായി ദേവസ്വം ഭൂമിയിൽ ഷോപ്പിംഗ് കോംപ്ലക്സ്, ആയുർവേദ റെസിഡൻഷ്യൽ കോട്ടേജ് തുടങ്ങിയ പദ്ധതികൾ ആരംഭിക്കുന്നതിനും ക്ഷേത്ര നവീകരണത്തിനുമായി അധികം തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി, 2250-00-103-77 ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2250-00-103-76— ശബരിമല ശുചീകരണ പ്രവർത്തികൾ

ബഡ്ജറ്റ് വിഹിതം : 1.4577 കോടി രൂപ (നോൺ പ്ലാൻ)

21. ശബരിമല മണ്ഡല, മകരവിളക്ക് സീസണുകളിൽ തീർത്ഥാടകരുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ ശബരിമലയിലും എരുമേലിയിലും മറ്റ് പരിസരപ്രദേശങ്ങളിലും ശുചീകരണം, അടിസ്ഥാന സൗകര്യം ഒരുക്കൽ, സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 2250-00-103-76 ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.0293 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-188-99— കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ്

ബഡ്ജറ്റ് വിഹിതം:(31) സഹായധനം-ശമ്പളം - 1.5682 കോടി രൂപ (നോൺ പ്ലാൻ)

(36) സഹായധനം- ശമ്പളേതരം-40.14 ലക്ഷം രൂപ (നോൺ പ്ലാൻ)

ആകെ – 1.9696 കോടി രൂപ (നോൺ പ്ലാൻ)

22. ജീവനക്കാർ, ഡെപ്യൂട്ടേഷൻ ജീവനക്കാർ, മുൻ ബോർഡ് മെംബർമാർ എന്നിവർക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനും ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, ആർജ്ജിതാവധി സറണ്ടർ എന്നിവ അനുവദിക്കുന്നതിനും 2250-00-188-99(31) ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പുതിയ ശീർഷകം അനുവദിക്കുന്നതിലേയ്ക്ക്

23. കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി നിലവിൽ നോൺ പ്ലാൻ ശീർഷകം അനുവദിച്ചിട്ടില്ലെന്നും അക്കാദമിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രോജക്ട് മാനേജർ, പ്രോജക്ട് കോ-ഓർഡിനേറ്റർ എന്നിവർക്കായുള്ള ശമ്പളം, മറ്റു ഭരണപരമായ ചെലവുകൾ എന്നിവയ്ക്കായി 2024-25 സാമ്പത്തിക വർഷത്തിലേയ്ക്ക് ഫണ്ട് അനുവദിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി പുതിയ നോൺ പ്ലാൻ ശീർഷകം അനുവദിക്കണമെന്നും ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ XXVIII — പലവക സാമ്പത്തിക സർവീസുകൾ**

വോട്ടു ചെയ്തത് : 4853.8756 കോടി രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

5475-00-800-77-(01)—ഭൂനികുതി വകുപ്പിനു കീഴിലുള്ള മൂലധന പ്രവൃത്തികൾ / പദ്ധതികൾ - സ്മാർട്ട് റവന്യൂ ഓഫീസുകൾ

ബഡ്ജറ്റ് വിഹിതം : 49 കോടി രൂപ (പ്ലാൻ)

24. വില്ലേജ് ഓഫീസുകൾ സ്മാർട്ട് ഓഫീസുകൾ ആക്കുന്നതിനായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 49 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും എന്നാൽ, ബഹു. ധനകാര്യവകുപ്പ് മന്ത്രി ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച, റവന്യൂ വകുപ്പിന്റെ ആസ്ഥാന മന്ദിരമായ റവന്യൂ ഭവൻ നിർമ്മിക്കുന്നതിന് ആവശ്യമായ 10 കോടി രൂപ അതിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 5475-00-800-77-01 ശീർഷകത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5475-00-800-77-(03)—ഭൂനികുതി വകുപ്പിനു കീഴിലുള്ള മൂലധന പ്രവൃത്തികൾ/ പദ്ധതികൾ - സർവ്വേ പരിശീലന സ്കൂളുകളുടെ ആധുനികവൽക്കരണം

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

25. സർവ്വേ ട്രെയിനിംഗ് സ്കൂളുകളിൽ ആധുനിക പഠനാന്തരീക്ഷം സൃഷ്ടിക്കൽ, സർവ്വേ മ്യൂസിയത്തിന്റെ നവീകരണം എന്നിവയ്ക്കായി 1.5 കോടി രൂപ അധികമായി ആവശ്യമുള്ളതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5475-00-800-77-(03) ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2024 മാർച്ച് 6.

**കെ. രാജൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*